(ബി) കൊട്ടാരക്കര സർക്കിൾ ഇൻസ്പെക്ടർ ഹർജി സംഗതിയെപ്പറ്റി അന്വേഷണം നടത്തി.

(സി) ഇല്ല

(ഡി) വീണ്ടും ഒരന്വേഷണത്തിന്റെ ആവശ്യം കാണുന്നില്ല.

കൃഷിക്കാർക്ക് റബ്ബർ മരം മുറിച്ചു വിൽക്കുവാൻ സാദ്ധ്യമല്ലാത്ത സാഹചര്യം

163. [227] ശ്രീ. പി. സി. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിൽ തൊഴിലാളി യൂണിയനുകൾ തമ്മിലുള്ള തർക്കത്തിന്റെ പേരിൽ കൃഷിക്കാർക്ക് റബ്ബർ മരം മുറിച്ചു വിൽക്കുവാൻ സാദ്ധ്യമല്ലാത്ത സാഹചര്യം ഉണ്ടായിട്ടുള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തൊഴിലാളി യൂണിയനുകൾ തമ്മിലുള്ള തർക്കം കൃഷിക്കാർക്ക് വലിയ നഷ്ടം ഉണ്ടാക്കുന്നു എന്ന വസ്തുത കണക്കിലെടുത്ത് കൃഷിക്കാർക്ക് സ്വന്തമായി മരം മുറിക്കുന്നതിനു പോലീസ് സഹായം നൽകുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

ഹരിജൻ സ്ത്രീ ബലാൽസംഗങ്ങൾ

164. [228] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1982-83, 1983-84, 1984-85, 1985-86 എന്നീ വർഷങ്ങളിൽ സംസ്ഥാനത്ത് ഹരിജൻ സ്ത്രീകൾ ബലാൽസംഗം ചെയ്യപ്പെട്ടതായി കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഓരോ വർഷവും എത്രയെന്ന് ജില്ല തിരിച്ച് വെളിപ്പെടുത്താമോ ;

(സി) ഹരിജൻ സ്ത്രീകൾ ബലാൽസംഗത്തിന് വിധേയരായി കൊല ചെയ്യപ്പെട്ടതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എത്ര ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1982-83-ൽ 10, 1983-84-ൽ 25, 1984-85-ൽ 23, 1985-86-ൽ 15. ജില്ല തിരിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു. (1986 ജനുവരി വരെ)

(സി, ഡി) വിവരം ശേഖരിച്ചുവരുന്നു.

അയിത്തം

165. [229] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എവിടെയെങ്കിലും അയിത്തം ആചരിക്കപ്പെടുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം ;

(സി) അയിത്തം പരിപൂർണമായി നിർമ്മാർജ്ജനം ചെയ്യുന്നതിൽ ഈ ഗവൺമെന്റ് സ്വീകരിച്ച നടപടികളെന്തെല്ലാം ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly